# മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

എറണാകുളം

പാറക്കടവ് ബ്ലോക്ക്

ചെങ്ങമനാട്  പഞ്ചായത്ത്

വാർഡ്-XV (സ്വർഗ്ഗം )

സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019

റിപ്പോർട്ട് തയാറാക്കിയത്

സോഷ്യൽ ഓഡിറ്റ്   ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, പാറക്കടവ്
ജസ്റ്റിൻ മാത്യു

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു പണം ചെലവഴിക്കുന്നതിനെസംബന്ധിച്ച് പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു**.

| Sl no | അവകാശങ്ങൾ | |
|---|---|---|
| 1 | തൊഴിൽകാർഡിനായി അപേക്ഷിക്കുവാനും 15ദിവസത്തിനകം ലഭിക്കുവാനുള്ള അവകാശം | ഷെഡ്യൂൾ 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | ഷെഡ്യൂൾ 1 |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | സെഷൻ 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | ഷെഡ്യൂൾ 2പാരഗ്രാഫ് 18 & പാരഗ്രാഫ് 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | ഷെഡ്യൂൾ2 പാരഗ്രാഫ് 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | സെഷൻ3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | സെഷൻ 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | സെഷൻ 19, & സെഷൻ 17( 2) |

## MIS പ്രകാരമുള്ള വിവരങ്ങൾ

| State : KERALA, District : ERNAKULAM<br>Block : Parakkadavu<br>Panchayat : Chengamanad | As on 17-08-2019 |
|---|---|
| വിതരണം ചെയ്ത കാർഡുകളുടെ എണ്ണം | 2,052 |
| ആകെ തൊഴിലാളികളുടെ എണ്ണം | 4,116 |
| സജീവ തൊഴിൽ കാർഡുകളുടെ എണ്ണം | 659 |
| സജീവ തൊഴിലാളികളുടെ എണ്ണം | 745 |

## പരിശോധനക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl.No | പ്രവർത്തിയുടെ പേര് | തുക | ആരംഭ/അവസാന തിയതികൾ |
|---|---|---|---|
| 1 | സ്വർഗ്ഗം കനാൽ പുനരുദ്ധാരണം 15(1608010001/IC/217166) | 56251<br>Display board-4000(FTO generated) | 27/2/2019<br>12/3/2019 |

പൊതുവിവരങ്ങൾ -നെടുമ്പാശ്ശേരി പഞ്ചായത്ത്

| | |
|---|---|
| ജില്ല | എറണാകുളം |
| ബ്ലോക്ക് | പാറക്കടവ് |
| വിസ്തീർണം | 15.58 ച.കി.മീ |
| വാർഡുകളുടെ എണ്ണം | 18 |
| ജനസംഖ്യ | 25249 |
| പുരുഷൻമാർ | 12504 |
| സ്ത്രീകൾ | 12745 |
| ജനസാന്ദ്രത | 1621 |
| സ്ത്രീ : പുരുഷ അനുപാതം | 1019 |
| മൊത്തം സാക്ഷരത | 88.97 |

Source: - GP website

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തൊഴിലുറപ്പുപദ്ധതി എറണാകുളം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വാർഡ് മൂന്നിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചതും പൂർത്തീകരിച്ചതും.

- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ .

## അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ

- പുതുക്കിയ പുതിയ തൊഴിൽ കാർഡ് ഇതുവരെ ലഭ്യമായിട്ടില്ല
- തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം പണം ചിലവഴിക്കേണ്ടി വരുന്നു
- തൊഴിലാളികൾക്ക് അവരുടെ ആവശ്യാനുസരണം തൊഴിൽ ലഭിക്കുന്നില്ല. പകരം, തൊഴിൽ സജ്ജമാകുമ്പോൾ തോഴിലിനിറങ്ങുന്ന അവസ്ഥ നിയമത്തിന്റെ അന്തസത്തക്ക് നിരക്കുന്നതല്ല
- പദ്ധതി ആസുത്രണത്തിൽ തൊഴിലാളികളുടെ പങ്കാളിത്തം അവരുടെ വാക്കുകളിൽ നിന്നോ ഗ്രാമസഭ രജിസ്റ്ററിൽ നിന്നോ വ്യക്തമല്ല

- ആവശ്യമായ മരുന്നുകൾ പ്രഥമ ശുശ്രൂഷ കിറ്റിൽ സൗജന്യമായി ലഭിക്കുന്നില്ല. എലിപ്പനിക്ക് ഉപയോഗിക്കുന്ന ഗുളിക , പഞ്ഞി ചുറ്റികെട്ടുന്നതിനുള്ള തുണി പോലുള്ളവ ലഭിക്കുന്നു എന്നാൽ, ബാക്കി മരുന്നുകൾ തൊഴിലാളികൾ പണം ചിലവാക്കി വാങ്ങേണ്ടി വരുന്നു , തണൽ സജ്ജികരിക്കുന്നതിന് മുൻകാലങ്ങളിൽ പണം ലഭിച്ചിരുന്നു എന്നാൽ ഇപ്പോൾ അവർക്ക് അതിനും പണം ചിലവഴിക്കേണ്ടി വരുന്നു

- കൂലി നിശ്ചിത ദിവസത്തിനകം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു.എന്നാൽ , ഉദ്യോഗസ്ഥ തലത്തിൽ ചെയ്ത് തീർക്കേണ്ട നടപടി ക്രമങ്ങൾ സമയത്തിനകം പൂർത്തിരിക്കുന്നുണ്ട്

**<u>തൊഴിൽ കാർഡ് പരിശോധന</u>**

പുതിയ തൊഴിൽ കാർഡ് ഇതുവരെ ലഭിച്ചിട്ടില്ല അത്കൊണ്ട് പഴയ കാർഡാണ് നിലവിൽ ഉപയോഗിക്കുന്നത്. പുതിയ കാർഡ് ലഭിച്ച ശേഷം വിവരങ്ങൾ രേഖപ്പെടുത്താം എന്ന ധാരണയിൽ പഴയ കാർഡിൽ വിവരങ്ങൾ രേഖപെടുത്തുന്നില്ല എന്ന് തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും മനസിലാകുന്നു

<u>വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം സൂക്ഷിക്കേണ്ട 22 രേഖകൾ</u>

1. കവർപേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച ഫയലിൽ വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ളതോ പ്രാദേശികമായതോ കാണാൻ സാധിച്ചില്ല.

2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലിൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല .

3. ആക്ഷൻപ്ലാൻ  കോപ്പി

പരിശോധിച്ച ഫയലിൽ  വാർഷിക മാസ്റ്റർ സർകുലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചില്ല.

4. എസ്റ്റിമേറ്റ് കോപ്പി

ഈ ഫയലിൽ  എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ പ്രൊജക്റ്റ് റിപ്പോർട്ട്, സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ് ഡ്രോയിംഗ് എന്നിവ ഉണ്ടായിരുന്നില്ല.

5. സാങ്കേതികാനുമതി

പരിശോധിച്ച ഫയലിൽ  സെക്യൂരിറ്റിൽ  നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി   സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, സാങ്കേതിക അനുമതി നൽകുന്നതിന് ചേർന്ന  കമ്മിറ്റി രേഖകളിൽ ഒപ്പ് വച്ചിരിക്കുന്ന അംഗങ്ങൾ സീൽ പതിക്കുകയോ  തിയതി രേഖപെടുത്തുകയോ ചെയ്തിരുന്നില്ല.സെക്യൂറിൽ  നിന്നും എടുത്ത കോപ്പിയിൽ സാങ്കേതിക തൊഴിലുറപ്പ് വിഭാഗം അസ്സി.എന്ജിനീർ ഒപ്പ് രേഖപെടുത്തിയിട്ടുണ്ട്

6. ഭരണാനുമതി

പരിശോധിച്ച ഫയലിൽ സെക്യൂരിറ്റിൽ നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി   സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചില്ല.

7. സംയോജിത പദ്ധതി

ഈ പ്രവർത്തിയിൽ ബാധകമല്ല

8. തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച പ്രവർത്തി ഫയലിൽ തൊഴിലിനുള്ള അപേക്ഷ കാണാൻ സാധിച്ചില്ല

9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം

പരിശോധിച്ച  പ്രവർത്തി ഫയലിൽ പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

10. ഇ മസ്റ്റർ റോൾ

പരിശോധിച്ച പ്രവർത്തി ഫയലിൽ മസ്റ്റർ റോളുകളിൽ ശ്രദ്ധയമായ വെട്ടിത്തിരുത്തലുകൾ ഒന്നും കാണാൻ സാധിച്ചില്ല വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നത് പ്രശംസ അർഹിക്കുന്നു . മസ്റ്റ്ർ റോളുകളിൽ ബി.ഡി.ഓ ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും BDO തിയതി രേഖപെടുത്തിയിരുന്നില്ല.

11. മെഷര്മെന്റ് ബുക്ക്

മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് രേഖപെടുത്തിയിട്ടുണ്ട് , മെഷർ മെന്റ് ബുക്കിൽ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി രേഖപെടുത്തുന്നില്ല .

12. മെറ്റീരിയൽ

ബാധകമല്ല.

13. വേജ്ലിസ്റ്റ്

തൊഴിൽ ചെയ്ത തൊഴിലാളികൾ പണി പൂർത്തികരിച്ചാൽ അവരുടെ വേതനം നൽകുന്നതിന്റെ ഒരു പ്രധാന പ്രക്രിയ ആണ് വേജ്ലിസ്റ്റ് മസ്റ്റ്റോള് കളിലെ തുകക്ക് തുല്യമായ വേജ്ലിസ്റ്റ് ഉണ്ടായിരുന്നു

14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

ഫയലിൽ കാണാൻ സാധിച്ചില്ല

15. മെറ്റീരിയൽ വൗച്ചർ ബിൽ

ബാധകമല്ല

16. റോയൽറ്റി

ബാധകമല്ല

17. ഫോട്ടോഗ്രാഫ്

ഒരു ഘട്ടത്തിലെയും ഫോട്ടോസ് ഫയലിൽ ഉണ്ടായില്ല.

18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചില്ല .

19. മസ്റ്റർ റോൾ മൂവേമെന്റ്

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ കൃത്യമായി രേഘപെടുത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂർണമായി കാണപ്പെട്ടു .

20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്

പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചില്ല.

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഫയലിൽ കാണാൻ സാധിച്ചില്ല.

22. സൈറ്റ് ഡയറി

പ്രവർത്തി ഫയലിൽ സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് ഇനീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു. എന്നാൽ പ്രവർത്തി ചെയ്ത തൊഴിലാളികൾ തന്നെയാണ് വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടിൽ ഒപ്പ് രേഖപെടുത്തിയിരിക്കുന്നത്. ഓവറ്സീർ മൂന്ന് തവണ സന്ദർശിച്ചതായി രേഖപെടുത്തിയിരിക്കുന്നു പഞ്ചായത്ത്/ ബ്ലോക്ക്/ ജില്ല തലത്തിൽ മറ്റ് ഉദ്യോഗസ്ഥർ ആരും പ്രവർത്തി സ്ഥലം സന്ദർശിച്ചിട്ടില്ല . ചികിത്സ സംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

## അളവുകളെ സംബധിച്ച്

| എസ്റ്റിമറെ പ്രകാരം (നീളം* വീതി* ആഴം) | M ബുക്ക് പ്രകാരം (നീളം* വീതി* ആഴം) | പ്രവർത്തി സ്ഥലത്ത് (നീളം* വീതി* ആഴം) ** | വ്യത്യാസം (നീളം* വീതി* ആഴം) |
|---|---|---|---|
| 805*1.20*0.30<br>700*1.20*0.20 | 1110*1.20*0.30<br>110*1.20*0.20 | 2040 നീളം ,<br>വീതി :- .30 /.60 /.80 /1.00/1.2 മിറ്റർ എന്നി വ്യത്യസ്ത അളവുകളിൽ കാണപ്പെട്ടു ചിലഭാഗങ്ങളിൽ വീതി അളന്ന് തിട്ടപെടുതുന്നതിനു സാധിക്കാത്ത വിതം കാട് മൂടപെട്ടിരിക്കുന്നു.<br>ആഴം:- കൃത്യമായി തിട്ടപെടുത്തുന്നതിന് മഴ/പ്രളയ സമയത്ത് ഉണ്ടായ മാറ്റങ്ങൾക്ക് വിധേയമയതിനാൽ സാധിച്ചില്ല<br>1590 മിറ്റർ പിന്നിട്ട ശേഷം രണ്ട് വശത്തും പ്രവർത്തി ചെയ്യിട്ടുണ്ട് ആയതിനാൽ ജിയോ ട്രക്കാറിൽ അതിനുശേഷമുള്ളതിന്റെ ഇരട്ടി കണക്കകിയിരിക്കുന്നു | വീതിയിൽ പല സ്ഥലങ്ങളിലും വ്യത്യാസം കാണുന്നുണ്ട് എന്നാൽ നീളത്തിൽ ഏകദേശം 800 മീറ്ററോളം അധികമായി ചെയ്യതായി കാണാൻ കഴിഞ്ഞു |

*അളവുകൾ മീറ്ററിൽ ** geo tracker application ഉപയോഗിച്ച്

## പ്രവർത്തി സംബന്ധിച്ച നിരീക്ഷണങ്ങളും കണ്ടെത്തലുകളും

1, തൊഴിലുറപ്പ് പദ്ധതിയുടെ ഉദേശിക്കുന്ന ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന തൊഴിലുറപ്പ് ജീവനക്കാർ പ്രശംസ അർഹിക്കുന്നു

2, ഓഡിറ്റ് പ്രക്രിയയോട് തികച്ചും അനുകൂല നിലപാട് സ്വീകരിച്ച പഞ്ചായത്ത് ഭരണ സമിതി, ജനപ്രതിനിധികൾ , ഉദ്യോഗസ്ഥർ, തൊഴിലാളികൾ

3, അപൂർണമായ പ്രവർത്തി ഫയലുകളും രജിസ്റ്ററുകളും

4, കൃത്യമായ കാലയളവിൽ ജീവനക്കാർക്ക് പരിശീലന സ്വഭാവമുള്ള യോഗങ്ങൾ/അവലോകന യോഗങ്ങൾ /പരിശീലനങ്ങൾ/പരിപാടികളൾ എന്നിവയുടെ അഭാവം

5, 06/3/2019 ന് ആരഭിച്ച പ്രവർത്തിയുടെ മസ്റ്റർ റോൾ 9/3/2019

(പ്രവർത്തിയുടെ നാലാം ദിവസം ) മാത്രമാണ് പ്രിന്റ്ചെയ്തിട്ടുള്ളത് .

6, ഏറ്റെടുത്ത പ്രവർത്തികളുടെ പേരുകൾ ഗ്രാമസഭ രജിസ്റ്ററിൽ കാണാൻ സാധിക്കുന്നില്ല.

7, M-ബുക്കിൽ തിയതികൾ ഒപ്പിനോപ്പം രേഖപെടുതുന്നില്ല

8, 14 വാർഡിലെ തൊഴിലാളികളാണ് ഈ പ്രവർത്തി ചെയ്തിട്ടുള്ളത് അതിനാൽ 5 km ചുറ്റളവിൽ കൂടുതൽ യാത്ര ചെയ്യേണ്ടി വന്നു എന്ന് കരുതുന്നു അങ്ങനെ എങ്കിൽ 10% അധികം വേതനം നൽകിയതായി കാണുന്നില്ല

9, തണൽ ഒരുക്കുന്നതിന് തൊഴിലാളികൾക്ക് പണം ചിലവയിട്ടുണ്ട്

10, പ്രഥമ മരുന്നുകൾ പരിമിതമായ എണ്ണം മാത്രമാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും സൗജന്യമായി ലഭ്യമാകുന്നത് ബാക്കി മരുന്നുകൾ തൊഴിലാളികൾ പണം കൊടുത്ത് വാങ്ങുന്നു

11, കയ്യുറ കാലുറ എന്നിവ ലഭ്യമായിരുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു അതിനാൽ യാതൊരു സുരക്ഷ ഉപകരണങ്ങളും ഇല്ലാതെ മാലിന്യം നിറഞ്ഞ ഭാഗങ്ങളിൽ ജോലി ചെയ്യേണ്ടി വന്നു. പ്രതിരോധ ശേഷി കുറഞ്ഞ മുതിർന്ന പൗരന്മാർ വരെ ജോലി ചെയ്യുന്ന ഇത്തരത്തിലുള്ള പ്രവർത്തികളിൽ പ്രധാന്യത്തോടെ നോക്കി കാണേണ്ടതാണ്

12, CIB (സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്) കൃത്യമായി സ്ഥാപിച്ചിട്ടില്ല നിലവിൽ സ്വകാര്യ വ്യക്തിയുടെ ചുറ്റുമതിലിൽ ചാരി വച്ചിരിക്കുന്നു

13, ഓവർസീർ ഒഴികെ ആരും സന്ദർശന കുറിപ്പിൽ രേഖപെടുത്തിയിട്ടില്ല

14, അപകടം സംഭവിച്ച തൊഴിലാളി ആണെങ്കിൽ കൂടി വേതനം ലഭിക്കാൻ പ്രവർത്തി ഇടത്ത് ഉണ്ടാകണം എന്ന നിർബന്ധം ഉണ്ടോ എന്ന തൊഴിലാളികളുടെ സംശയം അവർ പങ്ക് വെച്ചു

15, കമ്പോസ്റ്റ് കുഴി എടുത്തില്ല എങ്കിൽ തൊഴിൽ ലഭിക്കില്ല എന്ന ആശങ്ക തൊഴിലാളികൾ ഉന്നയിച്ചു

16, പ്രവർത്തിയുടെ ഗുണഫലം പൂർണമായും ലഭിക്കണമെങ്കിൽ സ്ലാബുകൾ ഉപയോഗിച്ച് മുടപെട്ട ഭാഗങ്ങൾ കൂടി പൂർത്തികരിക്കണം എന്നാൽ ഈ തൊഴിലാളികൾക്ക് ചെയ്യുന്നതിന് പരിമതികൾ ഉണ്ടെന്ന വസ്തുത പരിഗണിച്ച് മറ്റ് മാർഗ്ഗങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കണം

**നിർദേശങ്ങൾ**

1, ആനുവൽ മാസ്റ്റർ സർകുലർ(AMC) പ്രകാരമുള്ള 22 ഇനം രേഖകൾ 7 ഇനം രജിസ്റ്റർകൾ എന്നിവ സുക്ഷിക്കുന്നതിന് സമയബന്ധിതമായി പരിശിലനം ജില്ല/ബ്ലോക്ക് തലത്തിൽ നൽകുക . ബന്ധപെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുക

2, AMC പ്രകാരമുള്ള രേഖകൾ / രജിസ്റ്റർകൾ ഉണ്ടെന്ന് ബ്ലോക്ക് തലത്തിൽ ഉറപ്പ് വരുത്തുക

3, പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് മസ്റ്റർ റോളുകൾ പ്രവർത്തി ഇടങ്ങളിൽ ഉറപ്പ് വരുത്തുക

4, ഗ്രാമസഭയുടെ പ്രാധാന്യം, പ്രവർത്തികൾ തിരഞ്ഞെടുക്കുന്നത് ,നിർദേശിക്കുന്ന ഗ്രാമസഭ രജിസ്റ്ററിലെ രേഖപെടത്തലുകൾ എന്നിവ സംബന്ധിച്ച അവബോധം പഞ്ചായത്ത് തലത്തിൽ വളർത്തണം

5, ഗ്രാമസഭ രജിസ്റ്റർ വളരെ സുഷ്മതയോടെ കൈകാര്യം ചെയ്യണം

6, ഒപ്പ് രേഖപെടുത്തുന്ന ഉദ്യോഗസ്ഥർ തിയതി രേഖപെടുത്തണം

7, രജിസ്റ്റർകൾ കൃത്യമായി സുക്ഷിക്കണം

8, 15 വാർഡിൽ തൊഴിൽ ചെയ്യുന്ന മറ്റ് വാർഡിലെ തൊഴിലാളികൾ 5 km ചുറ്റളവിൽ അധികം പോയി ജോലി ചെയ്യേണ്ടി വന്നാൽ നിയമാനുസരണം അധിക വേതനം ഉറപ്പുവരുത്തണം

9, തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് അവകാശപ്പെട്ട കുടിവെള്ളം , തണൽ , പ്രഥമ ശുശ്രൂഷ, പ്രതിരോധ ഉപകരണങ്ങൾ (കയ്യുറ, കാലുറ ) ലഭ്യമാക്കണം .

10, പ്രവർത്തി സ്ഥലങ്ങളിൽ തൊഴിലുറപ്പ് ജീവനക്കാർ അല്ലാത്ത പഞ്ചായത്ത് ബ്ലോക്ക് ജില്ല തലങ്ങളിൽ ഉള്ള ഉദ്യോഗസ്ഥരുടെ സന്ദർശനം ഉണ്ടാകണം

11, വിജിലൻസ് ആൻഡ് മോണിട്ടറി കമ്മിറ്റി ശക്തിപെടുത്തണം

12, മസ്റ്റ് റോള് A3 ഷീറ്റിൽ പ്രിന്റ് ചെയ്യുന്നത് സാധ്യമാണോ എന്ന് പരിശോധിക്കണം

## നന്ദി

പാറക്കടവ് ബ്ലോക്കിലെ ചെങ്ങമനാട് പഞ്ചായത്തിലെ വാർഡ് 15 2018-19 സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട ചെങ്ങമനാട് പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ BDO, JBDO, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പു വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ സർവ്വോപരി തൊഴിലാളികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

## മഹാത്മാഗാന്ധി ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറട്ട്സ്

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ ചെങ്ങമനാട് പഞ്ചായത്തിലെ വാർഡ് 15 (സ്വർഗ്ഗം) ദേശീയ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് 3/9/ 2019 തിയതി ദേശം ഗവൺമെൻറ് ജെ ബി എൽ പി സ്കൂൾ സ്കൂളിൽ വച്ചു ഉച്ചയ്ക്ക് 2.10 ആരംഭിച്ചു .സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ സ്വാഗതഗാനത്തോടെ ആരംഭിച്ചു.തൊഴിലാളികൾ ശ്രിമതി കോമളം അധ്യക്ഷ്യയാകുന്നതിന് നിശ്ചയിച്ച് തിരഞ്ഞെടുത്തു .ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡൻറ് ഗ്രാമസഭയെ അഭിസംബോധന ചെയ്തു.തുടർന്ന് അധ്യക്ഷ സംസാരിച്ചശേഷം സോഷ്യൽ ഓഡിറ്റ് ആമുഖ വിവരണത്തിനും ഓഡിറ്റ് കരട് റിപ്പോർട്ട് അവതരണത്തിനും ബ്ലോക്ക് റിസോഴ്സ് പേഴ്സണെ ക്ഷണിച്ചു. തയ്യാറാക്കിയ കരട് റിപ്പോർട്ട് അവതരിപ്പിക്കുകയും തുടർന്ന് ചർച്ചകളും മറുപടികളും ക്രോഡീകരണവും നടത്തി . റിപ്പോർട്ടിന്മേൽ നടന്ന ചർച്ചകൾ ഗ്രാമസഭയുടെ നിർദേശങ്ങൾ ഉദ്യോഗസ്ഥരുടെ മറുപടികൾ കൾ എന്നിവ ചുവടെ ചേർക്കുന്നു

## ചർച്ചകളും തിരുമാനങ്ങളും

- സമയബന്ധിതമായി തൊഴിൽ ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പറഞ്ഞു
- പ്രഥമ ശുശ്രുഷ കിറ്റിൽ മരുന്നുകളുടെ എണ്ണം കുറവാണ്. പക്ഷെ, മരുന്നിന് ചിലവഴിച്ച പണം തൊഴിലാളികൾക്ക് തിരികെ ലഭിച്ചു എന്ന് തൊഴിലാളികൾ പറഞ്ഞു.
- കൂലി കൃത്യസമയത്ത് ലഭികുന്നില്ല നടപടി ഉണ്ടാകണം എന്ന് നിർദേശിച്ചു
- വൈകി മ്സ്ട്രോൾ പ്രിന്റ് ചെയ്യേണ്ടി വന്നത് പ്രിന്റർ തകരാറിൽ ആയത് കൊണ്ടാണ് എന്ന് ഉദ്യോഗസ്ഥർ മറുപടി പറഞ്ഞു
- സുരക്ഷ ഉപകരണങ്ങൾ ലഭിക്കുന്നില്ല. അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം എന്ന് ആവശ്യപെട്ടു
- CIB റോഡ്രികിലയതിയാൽ കുഴിച്ചു സ്ഥിരമായി സ്ഥാപിക്കാൻ സാധ്യമാകുന്നില്ല എന്ന് AE ഗ്രമസഭയെ അറിയിച്ചു
- കാന വൃത്തിയാക്കുന്ന പ്രവർത്തി ചെയ്യുമ്പോൾ സ്ലാബുകൾ ഉയർത്തി പ്രവർത്തിയുടെ ഗുണഫലം പൂർണമാകുന്നതിനു സംയോജന സാദ്ധ്യതകൾ പരിശോധിക്കണം എന്നും. സെക്യൂരിൽ ഡാറ്റ ഇല്ലാത്തതിനാൽ പുതിയ ഡാറ്റ

ഉണ്ടാക്കുന്നതിന് ശ്രമിക്കാൻ AE, Block AE എന്നിവരോട് നിർദേശിച്ചു

- ചെളി നീക്കം ചെയ്യുമ്പോൾ അത് നിക്ഷേപിക്കാൻ പരിസരവാസികൾ സമ്മതിക്കുന്നില്ല. അതിന് വേണ്ട നടപടികൾ ഉണ്ടാകണം എന്ന് തൊഴിലാളികൾ ആവശ്യപെട്ടു . എന്നാൽ വാർഡിൽ പ്രവർത്തികൾ ചെയ്യുമ്പോൾ മെംബർ അറിയാത്തതിനാൽ ആണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നത് എന്ന് മെംബർ പറഞ്ഞു . അടുത്ത പ്രവർത്തി മുതൽ മെമ്പറെ അറിയിക്കാം എന്ന് ജിവനക്കാർ അറിയിച്ചു
- സ്ക്കൂൾ പരിസരത്ത് കഴിഞ്ഞ ആഴ്ച ചെയ്ത പ്രവർത്തിക്ക് മ്സ്റ്റർ റോള് ഉണ്ടായിരുന്നില്ല എന്നും അതിന് പണം ലഭിക്കില്ലെ എന്ന് തൊഴിലാളി സംശയം ഉന്നയിച്ചു. എന്നാൽ, സേവന അടിസ്ഥാനത്തിൽ ആണ് ആവശ്യപ്പെട്ടത് എന്നും അത്തരത്തിൽ ആണ് അത് കണ്ടെതെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- കമ്പോസ്റ്റ് കുഴി എടുത്താലെ ഇനി തൊഴിൽ ലഭിക്കു എന്നത് തെറ്റ്ധാരണ ആണെന്നും മെറ്റിരിയൽ പ്രവർത്തികൾ കൂടി ചെയ്യണം എന്നാണ് നിർദേശിച്ചത് എന്നും JBDO അറിയിച്ചു.
- അപകട ചികൽസ അനുകുല്യത്തിനു മെഡിക്കൽ സർട്ടിഫിക്കറ്റ് ബില്ലുകൾ എന്നിവ നിർബ്ബന്ധം ആണ് എന്നും,PHC യിൽ തന്നെ പോകണം എന്നും അറിയിച്ചു . എന്നാൽ, ചികൽസ ബന്ധപെട്ട വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കാൻ ഗ്രാമസഭ നിർദേശിച്ചു
- ഭരണ നിർവഹണം നടത്തുന്നതിനുള്ള പണം ലഭിക്കുന്നില്ല എന്നും അതിനാൽ സുരക്ഷ ഉപകരണങ്ങൾ വാങ്ങി നല്കാൻ സാധിക്കാത്തത് എന്ന് ജീവനക്കാർ അറിയിച്ചു. നിലവിൽ എസ്റ്റിമേറ്റിൽ ഉൾപെടുത്താൻ സാധിക്കുന്നില്ല എന്നും അറിയിച്ചു
- തൊഴിൽ ലഭ്യമാക്കണം എന്ന് തൊഴിലാളികൾ ആവർത്തിച്ചു
- ഏതെല്ലാം പ്രവർത്തികൾ ഏറ്റെടുക്കാം എന്ന് മെമ്പർ ചോദിച്ചു
- അനുവദനിയ പ്രവർത്തികൾ ഏതെല്ലാം എന്ന് ബ്ലോക്ക് എൻജിനിർ വായിച്ചു , മലയാള പരിഭാഷ പഞ്ചായത്തുകൾക്ക് ലഭ്യമാക്കാം എന്ന് JBDO ഗ്രമസഭയെ അറിയിച്ചു
- സാധ്യമായ പ്രവർത്തികൾ , തൊഴിലാളികളുടെ കായിക ബലം എന്നിവ പരിഗണിച്ചുള്ള പ്രവർത്തികൾ എന്നിവയെ കുറിച്ച് ചർച്ച നടന്നു
- പുതിയ തൊഴിൽ കാർഡ് ഇതുവരെ തൊഴിലാളികൾക്ക് നൽകാത്തത് സെക്രട്ടറി ഒപ്പ് രേഖപെടുത്തതിനാൽ ആണെന്ന് അറിയിച്ചു. പഞ്ചായത്തിൽ നിന്നും വന്ന ക്ലാർക്ക് ഈ വിവരം സെക്രട്ടറിയെ അറിയിച്ച് നടപടി പൂർത്തികരിക്കാൻ ചുമതലപെടുത്തി .

- തൊഴിലുറപ്പ് ജീവനക്കാർക്ക് പരിശീലനം നടത്തുന്നതിന് നടപടി സ്വീകരിക്കാം എന്ന് JBDO അറിയിച്ചു
- VMC ശക്തിപെടുത്തണം അതിനുവേണ്ട നടപടികൾ സ്വീകരിക്കണം
- GST ബിൽ സംബധിച്ച പ്രശ്നങ്ങൾ ഒഴിവാക്കി തോഴിലിടത്ത് സ്ഥാപിക്കുന്ന ബോർഡ് നിർമ്മിക്കുന്ന പ്രവർത്തി സംന്ധിച്ച സഹായങ്ങൾ നൽകാം എന്ന് ബ്ലോക്ക് ഉദ്യോഗസ്ഥർ സമ്മതിച്ചു

പഞ്ചായത്ത് ഉദ്യോഗസ്ഥ പതിനിധിയായി ക്ലാർക്ക് ശ്രിമതി ഫസീല . JBDO ശ്രിമതി സാജീത , ബ്ലോക്ക് AE, പഞ്ചായത്ത് തൊഴിലുറപ്പ് ജീവനക്കാർ എന്നിവർ സംസാരിച്ചു . വാർഡ് മെമ്പർ ശ്രിമതി. സിന്ധു നന്ദി അറിയിച്ചു അതിനുശേഷം അധ്യക്ഷ ഗ്രാമസഭ അവസാനിപ്പിച്ചു.